Fax : 400644.

# Kerala Headload Workers Welfare Board

[ Established under Section 14 of the Act 20 of 1980 ]
P.B.No.2017, S.R.M.Road, Ernakulam, Kochi. 682018

എഫ്3-21449/2016 തിയതി 9/12/16

പ്രേഷകൻ

ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

ചെയർമാൻ

എല്ലാ ജില്ലാ /സബ് ഓഫീസ്/ഏരിയ കമ്മിറ്റി

സർ,

വിഷയം- തൊഴിലുടമ കുടിശ്ശിക- ഡാമേജ് ഈടാക്കിയത് സംബന്ധിച്ച്.
സൂചന- കേരള ചുമട്ടുതൊഴിലാളി നിയമം 1981, അദ്ധ്യായം 11, ഖണ്ഡിക 37

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ പരിധിയിലുള്ള എല്ലാ ജില്ലാ /സബ് ഓഫീസ്/ഏരിയ കമ്മിറ്റി ചെയർമാൻ/സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ എന്നിവർ തൊഴിലുടമകളിൽ നിന്നും ഡെപ്പോസിറ്റ് ഇനത്തിൽ എല്ലാ മാസത്തേയും അവസാന തീയതിയിലെ കണക്ക് പ്രകാരം കുടിശ്ശിക നിൽക്കുന്ന തുകയുടെ 25% ഡാമേജസ് തുക (മേൽ സൂചന പ്രകാരം) തൊട്ടടുത്ത തവണ തൊഴിലുടമ ഡെപ്പോസിറ്റ് അടയ്ക്കുമ്പോൾ ഈടാക്കേണ്ടതും, സ്ഥിരമായി കുടിശിക നിലനിർത്തിയിരിക്കുന്ന (Inoperative) തൊഴിലുടമകളിൽ നിന്നും ബോർഡിന് കിട്ടുവാനുള്ള തുക പിരിച്ചെടുക്കുന്നതിനായി ആർ.ആർ. നടപടികൾ സത്വരമായി നടപ്പാക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമയിൽ എല്ലാമാസവും 5 – ൧൦ തീയതിയ്ക്ക് മുമ്പ് തന്നെ ബോർഡിൽ ഈ-മെയിൽ/ഫയൽ ട്രാൻസ്ഫർ മുഖേന അറിയിക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതും, ആയിനത്തിൽ ബോർഡിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണത്തിന്റെ വീഴ്ചയായി കണക്കാക്കികൊണ്ട് അവർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്. അക്കൗണ്ട്സ് ഓഫീസർമാർ മാസത്തിൽ 4 തവണ സബ് ഓഫീസുകളിൽ തീർച്ചയായും പോകേണ്ടതും ആയതിന്റെ വിശദാംശങ്ങൾ വർക്ക് ഡയറിയിൽ ഉൾപ്പെടുത്തേണ്ടതും ഓഫീസ് പരിശോധനാ റിപ്പോർട്ട് നൽകേണ്ടതുമാണ്.എല്ലാ മാസവും പൂൾ വിസിറ്റിംഗിന്റെ റിപ്പോർട്ടും പൂളുകളുടെ കൃത്യമായ എണ്ണവും അടുത്ത മാസം 5– ൧൦ തീയതിയ്ക്ക് മുമ്പ് ബോർഡിന് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

10/12/16

ചീഫ് എക്സിക്യൂട്ടീവ്

## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്-രജിസ്റ്റേഡ് തൊഴിലുടമകളിൽ നിന്നും ഡാമേജസ് ഈടാക്കിയതിന്റെ വിശദവിവരങ്ങൾ

കമ്മിറ്റി/സബ് ഓഫീസിന്റെ പേര്- മാസം- വർഷം-

| തൊഴിലുടമയുടെ പേര് രജിസ്ട്രേഷൻ നമ്പർ | മാസവസാനം തൊഴിലുടമയുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന മൈനസ് തുക | കുടിശിഖ തുകയുടെ 25% ഡാമേജ് തുക | ഡാമേജസ് ഈടാക്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |

നിലവിൽ വർക്ക് കാർഡ് ഹാജരാക്കാതെ കുടിശിഖ നിലനിൽക്കുന്ന തൊഴിലുടമയുടെ വിശദവിവരം

| തൊഴിലുടമയുടെ പേര് രജിസ്ട്രേഷൻ നമ്പർ | കുടിശിഖ തുക | ആർ.ആർ.നടപടി സ്വീകരിച്ചതിന്റെ വിശദവിവരം | ആർ.ആർ. കുടിശിഖ ഈടാക്കിയ തുകയുടെ വിശദവിവരങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |

10/4/12